"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - ജീവനക്കാര്യം - ശ്രീമതി. സന്ധ്യ എച്ച്. ആർ. കെഎഎസ് (PEN : 731977) - ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല വഹിച്ച കാലയളവിലെ ചാർജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.784/2026/GAD                    തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:

1. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറുടെ 16.01.2025 - ലെ SGST/8020/2024-PD(E)9 നമ്പർ നടപടിക്രമം.
2. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറുടെ 31.01.2025 - ലെ SGST/8020/2024-PD(E)9 നമ്പർ നടപടിക്രമം.
3. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അഡീഷണൽ കമ്മീഷണറുടെ 06.04.2025 - ലെ SGST/1935/2025-PD(E)1 നമ്പർ കത്ത്.
4. സ.ഉ. (സാധാ) നം. 1645/2025/GAD തീയതി, 12.04.2025.
5. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അഡീഷണൽ കമ്മീഷണറുടെ 03.06.2025 - ലെ SGST/8020/2024-PD(E)9 നമ്പർ നടപടിക്രമം.
6. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അഡീഷണൽ കമ്മീഷണറുടെ 23.08.2025 - ലെ SGST/1935/2025-PD(E)1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ വയനാട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതും, നിലവിൽ ജലവിഭവ വകുപ്പിൽ അണ്ടർ സെക്രട്ടറി ആയി സേവനമനുഷ്ഠിക്കുന്നതുമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീമതി. സന്ധ്യ എച്ച്. ആർ. കെഎഎസ് - ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല നൽകി പരാമർശം (1), (2), (5) എന്നിവ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന്, ശ്രീമതി. സന്ധ്യ എച്ച്. ആർ. കെഎഎസ് - ന് കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല വഹിച്ചിരുന്ന കാലയളവിലേക്ക് ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകണമെന്ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അഡീഷണൽ കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി. സന്ധ്യ എച്ച്. ആർ. കെഎഎസ് - ന് കോഴിക്കോട് ഡെപ്യൂട്ടി

കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ അധിക ചുമതല നൽകിയ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണറുടെ നടപടി സർക്കാർ പരാമർശം (4) പ്രകാരം സാധൂകരിച്ച് നൽകുകയുമുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ വയനാട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ആയിരുന്ന ശ്രീമതി. സന്ധ്യ എച്ച്. ആർ. കെഎഎസ് - ന് കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ച 31.01.2025 മുതൽ 26.02.2025 വരെയുള്ള കാലയളവിൽ കെ.എസ്.ആർ. ഭാഗം I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O.(P) No. 88/217/Fin dated 11.07.2017], 53 A II (b) (1), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്രലേഖ കെ കെ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. സന്ധ്യ എച്ച്. ആർ. കെഎഎസ്, അണ്ടർ സെക്രട്ടറി, ജലവിഭവ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [14.01.2026 - ലെ (E.3132095):EXP-A2/228/2025-FIN നമ്പർ കുറിപ്പ് പ്രകാരം].
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 18-02-2026 12:43:48
സെക്ഷൻ ഓഫീസർ